കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മൈലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്തു കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി.11/1726/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി 28.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മൈലം ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :മൈലം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം മൈലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളി ലേയ്ക്ക്

പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധ പ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്നഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം-പി.11/1726/17

തീയ്യതി.28/10/2017

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ

2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ തനതുഫണ്ട് രസീതികളുടെ പരിശോധന 01.10.2016 മുതൽ 31.03.2017 വരെ പൂർത്തിയാക്കി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.08.2017 മുതൽ<br>29.08.2017 വരെ |

| | | |
|---|---|---|
| | | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സിജാറാണി. എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി. അമ്പിളി.ജി<br>ശ്രീ.അനീഷ്. വി.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഗിരിജ | 01.04.2016 മുതൽ<br>31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.വി.സുരേഷ് കുമാർ | 01.04.2016 മുതൽ<br>02.04.2016 വരെ |
| | ശ്രീ.വൈ.റഹിംകുട്ടി<br>അസിസ്റ്റന്റ് സെക്രട്ടറി<br>(സെക്രട്ടറിയുടെ അധികച്ചുമതല) | 04.04.2016 മുതൽ<br>13.04.2016 വരെ |
| | ശ്രീ.വി.സുരേഷ് കുമാർ | 15.04.2016 |

| | | |
|---|---|---|
| | | മുതൽ 22.06.2016 വരെ |
| | ശ്രീ.വൈ.റഹിംകുട്ടി അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) | 23.06.2016 മുതൽ 03.07.2016 വരെ |
| | ശ്രീ.വി.സുരേഷ് കുമാർ | 04.07.2016 മുതൽ 14.07.2016 വരെ |
| | ശ്രീ.വൈ.റഹിംകുട്ടി അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) | 14.07.2016 മുതൽ 30.07.2016 വരെ |
| | ശ്രീ.സി.അജിതകുമാർ | 31.07.2016 മുതൽ 08.02.2017 വരെ |
| | ശ്രീ.ആർ.അനിൽകുമാർ അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ ചുമതല) | 20.02.2017 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.അനീഷ്.എം.കെ | 01.04.2016 മുതൽ 30.09.2016 വരെ. |
| | ഡോ.രാജിവ്.എം. | 30.09.2016 മുതൽ |

| | | |
|---|---|---|
| | | 31.03.2017<br>വരെ |
| മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | ഡോ.അനിൽകുമാർ | 01.04.2016<br>മുതൽ<br>31.03.2017<br>വരെ |
| ഐ.സി.ഡി.എസ്-<br>സൂപ്പർവൈസർ | ശ്രീമതി.വിനീത ബേബി<br>ജോർജ്ജ് | 01.04.2016<br>മുതൽ<br>08.07.2016വരെ |
| | ശ്രീമതി.ഇന്ദിര.വി | 09.07.2016<br>മുതൽ<br>31.03.2017<br>വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ജെയിംസ് ജോർജ്ജ് | 01.07.2016<br>മുതൽ<br>31.03.2017<br>വരെ |
| മെഡിക്കൽ ഓഫീസർ,<br>അലോപ്പതി. | ഡോ.ബിൻസി.ബി.എസ് | 01.04.2016<br>മുതൽ<br>31.03.2017<br>വരെ |
| ഡയറി ഫാം<br>ഇൻസ്ട്രക്ടർ. | ശ്രീമതി.ബീന | 01.04.2016<br>മുതൽ<br>31.03.2017<br>വരെ |
| കൃഷി ഓഫീസർ. | ശ്രീമതി.അഞ്ചു ജോർജ്ജ് | 01.04.2016<br>മുതൽ |

| | | |
|---|---|---|
| | | 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ. | ശ്രീമതി.പ്രിയ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീമതി.ശ്രീലതാകുമാരി.കെ | 01.04.2016 മുതൽ 29.12.2016 വരെ |
| വി.ഇ.ഒ | ശ്രീ.ശിഖി രാജ്.എസ്സ് | 30.12.2016 മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വൈ.റഹിംകുട്ടി | 01.04.2016 മുതൽ 13.11.2016 വരെ |
| | ശ്രീമതി.ബി.പ്രസന്നകുമാരി | 14.11.2016 മുതൽ 22.01.2017 വരെ |
| | ശ്രീ.അനിൽകുമാർ | 23.01.2017 മുതൽ 31.03.2017 വരെ |

## ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം -2 | | |
| 12 | രസീതുപരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ | 2-1 |
| 13 | വസ്തുനികുതി നിർണയിച്ചതിൽ 1,801/- രൂപയുടെ കുറവ് സംബന്ധിച്ച് | 2-2 |
| 14 | അനുവദനീയമായ വ്യാപ്തി പരിധികടന്ന കെട്ടിടങ്ങൾക്കും നിർമ്മാണാനുമതി നൽകി | 2-3 |

| | | |
|---|---|---|
| 15 | തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 2-4 |
| 16 | ഇ-ടെണ്ടർ ഫാറവില ലഭ്യമാക്കിയിട്ടില്ല. | 2-5 |
| ഭാഗം -3 | | |
| 17 | ലഭ്യമാകാത്ത സാധനങ്ങൾക്ക് ബില്ലുമാറി തുക നൽകി | 3-1 |
| 18 | ആവശ്യത്തിലധികം തുക പിൻവലിച്ച് ബാങ്ക് അക്കൌണ്ടിൽ സൂക്ഷിക്കുന്നു. | 3-2 |
| 19 | ഇ.എം.എസ് ലോൺ അക്കൌണ്ടിൽ വരവുവന്ന തുക സംബന്ധിച്ച് | 3-3 |
| 20 | അങ്കണവാടി വൈദ്യുതീകരണം- വിനിയോഗരേഖകൾ ലഭ്യമല്ല | 3-4 |
| 21 | ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു | 3-5 |
| 22 | ഇ.എം.എസ് . ഭവനപദ്ധതി-ലോൺതുക അക്കൗണ്ടിൽ വരവു വച്ചിട്ടില്ല | 3-6 |
| 23 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-7 |
| 24 | അക്കൌണ്ടിൽ വരവുവന്ന തുകയുടെ രേഖകൾ ഇല്ല | 3-8 |
| 25 | വിവിധ പ്രോജക്റ്റുകൾക്ക് വളം വാങ്ങിയതിന് രേഖകൾ ഇല്ല | 3-9 |

| | | |
|---|---|---|
| 26 | ആശ്രയ പദ്ധതി തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല | 3-10 |
| 27 | ഭവനപുനരുദ്ധാരണം-സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം അനുവദിച്ചു | 3-11 |
| 28 | വികസനഫണ്ട് -ജനറൽ പർപ്പസ് ഫണ്ടുകൾ നഷ്ടപ്പെട്ടു | 3-12 |
| 29 | ജീവൻ രക്ഷാമരുന്നുകൾക്ക് തുക മുൻകൂർ ഒടുക്ക് വരുത്തിയെങ്കിലും നാളിതുവരെ ലഭിച്ചിട്ടില്ല | 3-13 |
| 30 | ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി അംഗീകരിച്ച നിരക്കിൽനിന്നും അധികമായി പണം ചെലവഴിച്ചു | 3-14 |
| 31 | ലാബ് പ്രവർത്തിക്കുന്നതിനായി 3,00,000/-രൂപ വിനിയോഗിച്ചിട്ടും നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല | 3-15 |
| 32 | പോസ്റ്റ് ഷിഫ്റ്റിംഗ് -വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല | 3-16 |
| 33 | വിനിയോഗവിശദാംശങ്ങളില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-17 |
| 34 | ട്യൂബ് സെറ്റ് , സി.എഫ്.എൽ ഫിറ്റിംഗ് | 3-18 |

| | | |
|---|---|---|
| | ചാർജ്ജ് സംബന്ധിച്ച് | |
| 35 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതിപ്പണം ചെലവഴിച്ചതിൽ അപാകത | 3-19 |
| 36 | അസിസ്റ്റന്റ് സെക്രട്ടറിയുടെ പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിച്ചിരിക്കുന്നു | 3-20 |
| 37 | കൽവർട്ട് നിർമ്മാണം - ഐ.ആർ.സി സ്പെസഫിക്കേഷന് അധികമായി സ്റ്റീൽ റോഡ് ഉപയോഗിച്ച 3,009/- രൂപയുടെ അധിക ചെലവ്. | 3-21 |
| ഭാഗം -4 | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17വർഷത്തെ പുതുക്കിയ ബജറ്റ് 04.03.2016 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷികധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2011 | 11.07.2017 | ഇല്ല | ബാധകമല്ല |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2016-17 | 18.08.2017 | ഓഡിറ്റ് റിപ്പോർട്ടി നോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

<u>വാർഷികധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ</u>

1)മുൻവർഷത്തെ പഞ്ചായത്തുഫണ്ട് പ്രകാരമുള്ള നീക്കിബാക്കിയല്ല തൻവർഷം മുൻബാക്കിയായി ഉൾപ്പെടുത്തിയിരിക്കുന്നത്.

2)ജനറൽ പർപ്പസ് ഫണ്ടിനത്തിൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നതിൽ ഒരു ഗഡുവിന്റെ വ്യത്യാസം നിലനിൽക്കുന്നു.

3)മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതിപ്രകാരം വന്ന വരവിൽ വ്യത്യാസം നിലനിൽക്കുന്നു.
4)ICDS,TSC എന്നിവയുടെ യഥാർത്ഥവരവ് വാർഷികധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 <u>സാമ്പത്തികവിശകലനം</u>

| | |
|---|---|
| മുന്നിരിപ്പ് | 1,51,15,747/- |
| വരവ് | 6,23,01,785/- |
| ആകെ | 7,74,17,532/- |
| ചെലവ് | 5,62,58,558/- |

| | |
|---|---|
| നീക്കിബാക്കി | 2,11,58,974/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 13255052 | 13255052 | 13255052 | 0 | 100 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 10526672 | 10526672 | 10526672 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 3850852 | 3850852 | 3850852 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 3370582 | 3370582 | 3370582 | 0 | 100 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4861999 | 4861999 | 4861999 | 0 | 100 |
| പെർഫോമൻസ് | 0 | 229644 | 229644 | 229644 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് | | | | | | |
| എം.എൻ. ആർ. ഇ.ജി.എസ്. | 22331 | 1214800 | 1237131 | 1077309 | 159822 | 87 |
| ബി ഫണ്ട് | 0 | 771960 | 771960 | 771960 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ്‌വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 8,34,78,594/- | 111 | 4,22,39,187/- | 62 | 8 | 61 |

## 1-7 തനതുവരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതുവരുമാനത്തിൽ താഴെപ്പറയും പ്രകാരം 20.67ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/ (-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| നികുതി വരവുകൾ | 32,59,564/- | 58,83,041/- | 26,23,477/- | 80 |
| നികുതിയേതര വരവുകൾ | 9,51,815/- | 11,78,984/- | 2,27,169/- | 23.8 |
| മറ്റുവരവുകൾ | 1,02,15,335/- | 1,03,48,044/- | 1,32,709/- | .01 |
| ആകെ | 1,44,26,714/- | 1,74,10,069/- | 2983355 | 20.67 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണ ഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,11,960/- | 215 |
| വിധവകളുടെ മക്കളുടെ | 3,60,000/- | 12 |

| | | |
|---|---|---|
| വിവാഹധനസഹായം | | |
| കർഷകതൊഴിലാളി പെൻഷൻ | 51,31,110/- | 597 |
| വിധവപെൻഷൻ | 1,52,69,730/- | 1533 |
| വാർദ്ധക്യകാല പെൻഷൻ | 2,52,09,515/- | 2648 |
| വികലാംഗപെൻഷൻ | 41,50,725/- | 418 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8,16,400/- | 92 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പുപ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2017-ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് 31,379/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

തനതുഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ രസീതിന്റെ വിവരങ്ങൾ എല്ലാംതന്നെ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തനതുഫണ്ടിൽനിന്നും ചെലവ് നടത്തി വാങ്ങുന്ന സ്റ്റേഷനറിസാധനങ്ങളുടെ സ്റ്റോക്ക് മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.08.2017 | 07/2017 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.2014 മുതൽ 18.03.2014 വരെ | 2008-09 മുതൽ 2012-13 വരെ | LBAHQIV/8A-2121/14-15/27 27.05.2014 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 01.10.2016 മുതൽ 17.08.2017 വരെയുള്ള രസീതുപരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ

**എ) കുടിശ്ശിക തുക പൂർണമായും ഒടുക്കാത്തവർക്കും പിഴപ്പലിശ ഒഴിവാക്കി -424/-രൂപ വരവുനഷ്ടം**

സ.ഉ (സാധാ) നം. 278/2017/തസ്വഭവ തീയതി 01/02/2017 പ്രകാരം വസ്തുനികുതി കുടിശ്ശികക്കാർ ഒറ്റ തവണയായി കുടിശ്ശിക അടയ്ക്കുന്നപക്ഷം പിഴപ്പലിശ ഒഴിവാക്കി. എന്നാൽ മേൽ ആനുകൂല്യം 2016-17 വർഷത്തെ ഒന്നാം അർദ്ധവർഷം കുടിശ്ശിക അടയ്ക്കാത്തവർക്കും നൽകി. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ. നം | കെട്ടിട നം | വർഷം | വസ്തു നികുതി | ലൈബ്രറി സെസ് | ആകെ | രസീത് നം/ തീയതി | അർദ്ധ വർഷ വസ്തു നികുതി കുടി | ഈടാക്കേണ്ടിയിരുന്ന പലിശ | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | ശ്ശിക യായ മാസ ങ്ങളുടെ എണ്ണം | | |
| 1 | V/169 ദേവകി അനിൽ മന്ദിരം | 2013-14 2014-15, 2015-16, | 399 399 399 | 21 21 21 | 1260 | 55/1462 17/03/ 2017 | 162 | 323 | 2016-17 വർഷ ത്തെ നികുതി ഈടാ ക്കി യി ട്ടില്ല |
| 2 | XIV/ 203 നാണു | 2013-14 2014-15, | 154 154 | 6 6 | 320 | 9/1482 22/03/ 2017 | 132 | 101 | 2015-16 2016-17 വർഷ ത്തെ നികുതി ഈടാ ക്കി യിട്ടില്ല |
| | ആകെ | | | | | | | 424 | |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/29.08.17 ) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ നഷ്ടതുക നികുതിദായകനിൽനിന്നും ഈടാക്കേണ്ടതാണ്, അല്ലാത്തപക്ഷം ഉത്തരവാദിയായ എൽ.ഡി.സി ശ്രീമതി ഇന്ദു പക്കൽനിന്നും ഈടാക്കേണ്ടതാണ്

ബി) ഒരേ സാംഖ്യ രസീത് സ്റ്റേഷനറി ഉപയോഗിച്ച് ഒന്നിലധികം രസീതുകൾ ക്യാൻസൽ ചെയ്യുന്നു

28/06/2017 ൽ ശ്രീമതി ഷേർലി തങ്കച്ചൻ എന്ന വ്യക്തിയിൽനിന്നും കെട്ടിടനികുതി ഇനത്തിൽ 2,438/- രൂപ സ്വീകരിച്ചശേഷം (വൗച്ചർ നം 117070101354) പ്രസ്തുത വൗച്ചർ ക്യാൻസൽ ചെയ്തിട്ടുണ്ട് . 2 പ്രാവശ്യം പ്രിന്റർ ഫാൾട്ട് ആയും 1 പ്രാവശ്യം തുക കാണിച്ചും

ക്യാൻസൽ ചെയിതിട്ടുണ്ട് എന്നാൽ ഒരു സാംഖ്യ രസീത് സ്റ്റേഷനറി (2127752) മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. മറ്റ് രണ്ട് രസീതുകൾ പ്രിന്റ് ചെയ്ത സ്റ്റേഷനറി എപ്രകാരം

ക്യാൻസൽ ചെയ്തു എന്ന് വ്യക്തമല്ല

## 2-2 വസ്തുനികുതി നിർണയിച്ചതിൽ 1,801/-രൂപയുടെ കുറവ് സംബന്ധിച്ച്

2016-17 സാമ്പത്തികവർഷം മൈലം ഗ്രാമപഞ്ചായത്തിൽ നടത്തിയ വസ്തുനികുതി നിർണയങ്ങളിൽ അനുവദനീയമല്ലാത്ത ഇളവുകൾ അനുവദിച്ചതിലൂടെ 1,801/- രൂപയുടെ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) വഴിസൗകര്യത്തിനാനുപാധികമായ വർദ്ധനവ് വരുത്തിയില്ല

5 മീറ്ററോ അധിലധികമോ വീതിയുള്ള റോഡുകളിൽനിന്നും പ്രവേശനമാർഗമുള്ള കെട്ടിടങ്ങൾക്ക് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം6 ,പട്ടിക2,ക്രമനമ്പർ 4-ൽ അനുശാസിക്കുന്ന 20% നികുതി വർദ്ധനവരുത്തേണ്ടതാണ് . ചട്ടം 6 പട്ടിക 2 കുറിപ്പ് (1) പ്രകാരം ഒരു കെട്ടിടത്തിന്റെ മുമ്പിലും വശത്തുമായി രണ്ടുതരം റോഡുകളുണ്ടായിരിക്കുകയും അവയിൽ ഒരു റോഡിൽനിന്നുമാത്രം കെട്ടിടത്തിലേക്ക് പ്രവേശനമാർഗ്ഗം ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്ന സംഗതിയിൽ അവയിൽ പ്രധാനപ്പെട്ട റോഡിൽനിന്ന് കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. ചട്ടം 6 പട്ടിക 2 കുറിപ്പ് (2) പ്രകാരം ഏതെങ്കിലും ഒരു പ്രധാന റോഡിൽനിന്ന് 10 മീറ്റർമാത്രം ദൂരത്തിൽ മറ്റൊരു പ്രധാന

റോഡുമുഖേനയോ പൊതുനടപ്പാതമുഖേനയോ കെട്ടിടത്തിലേക്കുവഴി സൗകര്യം ലഭ്യമായിട്ടുള്ള സംഗതിയിൽ പ്രധാന റോഡിൽനിന്ന് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. മേൽവ്യവസ്ഥകൾ പാലിക്കാതിരുന്നതുമൂലം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധന വരുത്തുന്നതിൽനിന്നും ഒഴിവായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | കെട്ടിട നമ്പരും മറ്റ് വിശദാംശങ്ങളും | വഴി സൗകര്യത്തിന്റെ വിശദാംശം (പ്ലാൻ പ്രകാരം) | വസ്തു നികുതി നിർണയിച്ച രീതി /തീയതി | വസ്തു നികുതി നിർണയിക്കേണ്ട രീതി | വ്യത്യാസം |
|---|---|---|---|---|---|
| 1 | VII/624<br>ഫിലിപ്പ് കുട്ടി<br>പാണ്ണൂർ എൽദാദ്<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>259.45ച.മീ<br>6/- രൂപ നിരക്ക് | കംപ്ലീഷൻ പ്ലാനിൻമേൽ പരിശോധന നടത്തിയ ഓവർസീയർ<br>8 മീറ്റർ വീതിയുള്ള റോഡ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു | അടിസ്ഥാന<br>നികുതി = 1556.7<br>ദ്വിതീയ<br>മേഖല = (-)155.67<br>തറ നിർമ്മിതി =233.55<br>വഴി സൗകര്യം=<br>---------<br>1,635/-<br>ലൈ.സെസ് = 82<br>---------<br>ആകെ = 1717/-<br>--------<br>തീയതി 03/06/2016 | അടിസ്ഥാന<br>നികുതി = 1557/-<br>ദ്വിതീയ<br>മേഖല = (-)155.7<br>തറ നിർമ്മിതി =233.5<br>വഴി സൗകര്യം=311.34<br>---------<br>1,947/-<br>ലൈ.സെസ് = 98<br>---------<br>ആകെ = 2,045/- | 328 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2 | III/817<br>സരോജിനിഅമ്മ<br>രാജി ഭവൻ<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>129.76ച.മീ<br>6/- രൂപ നിരക്ക് | കംപ്ലീഷൻ പ്ലാനിൽ 5.04മീറ്റർ വീതിയുള്ള താമരക്കുടി-പാണ്ടിതിട്ട റോഡ് എന്ന് രേഖപ്പെടുത്തി യിരിക്കുന്നു | അടിസ്ഥാന<br>നികുതി = 778.56<br>ദ്വിതീയ<br>മേഖല = (-)77.85<br>വഴി സൗകര്യം=<br>---------<br>701/-<br>ലൈ.സെസ് = 36<br>---------<br>ആകെ = 737/-<br>--------<br>തീയതി 01/07/2016 | അടിസ്ഥാന<br>നികുതി = 779/-<br>ദ്വിതീയ<br>മേഖല = (-)77.9<br>വഴി സൗകര്യം=155.8<br>---------<br>857/-<br>ലൈ.സെസ് = 43<br>---------<br>ആകെ = 900/- | 163 |
| 3 | VII/644<br>സാറാമ്മ സാമുവേൽ<br>പള്ളി തെക്കേതിൽ<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>143.79ച.മീ<br>6/- രൂപ നിരക്ക് | കംപ്ലീഷൻ പ്ലാനിൽ 6.00മീറ്റർ വീതിയുള്ള മാമരത്തുമൂകൾ-വേങ്ങലത്ത് റോഡ് എന്ന് രേഖപ്പെടുത്തി യിരിക്കുന്നു | അടിസ്ഥാന<br>നികുതി = 862.74<br>ദ്വിതീയ<br>മേഖല = (-)86.27<br>വഴി സൗകര്യം=<br>---------<br>777/- | അടിസ്ഥാന<br>നികുതി = 863/-<br>ദ്വിതീയ<br>മേഖല = (-)86.3<br>വഴി സൗകര്യം=172.6<br>---------<br>950/-<br>ലൈ.സെസ് = 48<br>--------- | 182 |

| | | | | | |
|---|---|---|---|---|---|
| | | | ലൈ.സെസ് = 39<br>---------<br>ആകെ = 816/-<br>--------<br>തീയതി 25/08/2016 | ആകെ = 998/- | |
| 4 | XX/746<br>ബോബൻ<br>കാഞ്ഞിരവിള വീട്<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>129.41ച.മീ<br>6/- രൂപ നിരക്ക് | കംപ്ലീഷൻ പ്ലാനിൽ 6.00മീറ്റർ വീതിയുള്ള കാരമ്മൂട് റോഡ് എന്ന് രേഖപ്പെടുത്തി യിരിക്കുന്നു | അടിസ്ഥാന<br>നികുതി = 776.46<br>ദ്വിതീയ<br>മേഖല = (-)77.65<br>വഴി സൗകര്യം=<br>---------<br>699<br>ലൈ.സെസ് = 35<br>---------<br>ആകെ = 734/-<br>--------<br>തീയതി 08/09/2016 | അടിസ്ഥാന<br>നികുതി = 777/-<br>ദ്വിതീയ<br>മേഖല = (-)77.7<br>വഴി സൗകര്യം=155.4<br>---------<br>855/-<br>ലൈ.സെസ് = 43<br>---------<br>ആകെ = 898/- | 164 |

| | | | | | |
|---|---|---|---|---|---|
| 5 | VII/666<br>ജേക്ക്ബ് എം തോമസ്<br>മാങ്കൂട്ടത്തിൽ<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>282.50ച.മീ<br>6/- രൂപ നിരക്ക് | കംപ്ലീഷൻ പ്ലാനിൽ 5.00മീറ്റർ വീതിയുള്ള കാരമൂട് റോഡ് എന്ന് രേഖപ്പെടുത്തി യിരിക്കുന്നു | അടിസ്ഥാന<br>നികുതി = 1695<br>പ്രാഥമിക<br>മേഖല = 0<br>തറ നിർമ്മിതി= 254.25<br>വഴി സൗകര്യം=<br>---------<br>1,950/-<br>ലൈ.സെസ് = 98/-<br>---------<br>ആകെ = 1950/-<br>--------<br>തീയതി 29/03/2017 | അടിസ്ഥാന<br>നികുതി = 1695/-<br>പ്രാഥമിക<br>മേഖല = 0<br>തറ നിർമ്മിതി= 254.25<br>വഴി സൗകര്യം=339/-<br>---------<br>2,289/-<br>ലൈ.സെസ് = 115/-<br>---------<br>ആകെ = 2404/-<br>--------<br>തീയതി 29/03/2017 | 454/- |
| 6 | XI/733<br>രാജൻ<br>ലക്ഷമിഭവൻ<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>214.75ച.മീ<br>6/- രൂപ നിരക്ക് | കംപ്ലീഷൻ പ്ലാനിൽ 7.06മീറ്റർ വീതിയുള്ള ഉടയൻകാവ്-ചെമ്പൻപൊയ്ക റോഡ് എന്ന് രേഖപ്പെടുത്തി യിരിക്കുന്നു | അടിസ്ഥാന<br>നികുതി = 1,288/-<br>ദ്വിതീയ<br>മേഖല = 128.5<br>വഴി സൗകര്യം=<br>---------<br>1,160/- | അടിസ്ഥാന<br>നികുതി = 1,289/-<br>ദ്വിതീയ<br>മേഖല = 128.9<br>വഴി സൗകര്യം=257.8<br>---------<br>1,418/-<br>ലൈ.സെസ് = 71/- | 271/- |

| | | | | | | |
|---|---|---|---|---|---|---|
| | | | ലൈ.സെസ് = 58/-<br>---------<br>ആകെ= 1218/-<br>--------<br>തീയതി 01/09/2016 | ---------<br>ആകെ = 1,489/-<br>-------- | | |
| 7 | XVII/751<br>ജോഗീന്ദർ സി.കെ<br>സി.കെ സദനം<br>പാർപ്പിടാവശ്യം<br>വിസ്തീർണം<br>189.20ച.മീ<br>6/- രൂപ നിരക്ക് | കംപ്ലീഷൻ പ്ലാനിൽ 5.00മീറ്റർ വീതിയുള്ള പെരുങ്കുളം റോഡ് എന്ന് രേഖപ്പെടുത്തി യിരിക്കുന്നു | അടിസ്ഥാന<br>നികുതി = 1135.52<br>ദ്വിതീയ<br>മേഖല = 113.5<br>വഴി സൗകര്യം=<br>---------<br>1,160/-<br>ലൈ.സെസ് = 58/-<br>---------<br>ആകെ = 1,218/-<br>--------<br>തീയതി 01/09/2016 | അടിസ്ഥാന<br>നികുതി = 1,136/-<br>ദ്വിതീയ<br>മേഖല = 113.6<br>വഴി<br>സൗകര്യം=227.2<br>---------<br>1,250/-<br>ലൈ.സെസ് = 63<br>---------<br>ആകെ = 1,313/-<br>-------- | 239/- | |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | | 1,801/- |

വസ്തുനികുതി നിർണയത്തിലെ അപാകത പരിഹരിക്കേണ്ടതാണ്.

ബി) അസസ്മെന്റ് രജിസ്റ്റർ പൂർണമല്ല

ഗ്രാമപഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷം നിരവധി ഭവനങ്ങളുടെ വസ്തുനികുതി സംബന്ധിച്ച യാതൊരു വിശദാംശവും രേഖപ്പെടുത്താതെ കെട്ടിടനമ്പർ അനുവദിച്ചുനൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| വാർഡ് നം | കെട്ടിടനമ്പർ |
|---|---|
| III | 796 മുതൽ 815 വരെ |
| IV | 567-580,582-600 |
| VI | 472-491 |
| VII | 625-628 |
| VIII | 630-635,637-639,647-649,<br>657,659,660,662 |
| X | 649-653 |
| XI | 702-726,729,730 |

| | |
|---|---|
| XII | 623,626 |
| XIII | 682,683 |
| XIV | 589-592,594-600 |
| XVI | 686,687,692,695-709 |
| XVII | 676-680,682-698,701-703,754-756 |
| XVIII | 638-647,649-657,659,681,684,685,686 |
| XIX | 660 |
| XX | 610, 611, 616-619, 756 |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയവിശദാംശങ്ങൾ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കാനും, പ്രസ്തുത ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാനും ഓഡിറ്റ് എൻക്വയറി നം-21/30.08.17 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സി ) വസ്തു നികുതി നിർണയത്തിലെ മേഖല വിഭജനം പരിശോധിക്കാൻ കഴിയുന്നില്ല

25/11/2011 ലെ 5/2 നമ്പർ തീരുമാനംപ്രകാരം വസ്തുനികുതി നിരക്കുകളും, മേഖല വിഭജനത്തിന് ആസ്പദമാക്കിയ റോഡുകളുടെ വിവരവും അംഗീകരിച്ചിരുന്നു. പ്രസ്തുത മിനിട്സിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (5/25-08-17) നൽകിയെങ്കിലും ആയത് ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ വസ്തു

നികുതി നിർണയത്തിലെ മേഖലവിഭജനത്തിന്റെ ആധികാരികത പരിശോധിക്കാൻ കഴിയുന്നില്ല .

## 2-3 അനുവദനീയമായ വ്യാപ്തി പരിധികടന്ന കെട്ടിടങ്ങൾക്കും നിർമ്മാണാനുമതി നൽകി

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 35പട്ടിക (2) പ്രകാരം കാറ്റഗറി II വിഭാഗത്തിൽപ്പെടുന്ന പഞ്ചായത്തുകളിലെ കൈവശഗണം F-ൽ (കച്ചവടം, വാണിജ്യം)-പെടുന്ന കെട്ടിടങ്ങളുടെ പരമാവധി അനുവദനീയമായ വ്യാപ്തി 55 ആണെന്നിരിക്കെ പ്രസ്തുത പരിധികടന്ന കെട്ടിടങ്ങൾക്കും നിർമ്മാണാനുമതി നൽകിയിരി ക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

A)പെർമിറ്റ് നമ്പർ-A5/5999/16 തീയതി-19/12/16

ഉടമസ്ഥൻ – ശ്രീ.ബാബുക്കുട്ടി മേലതിൽ

കൈവശ ഗണം-ഭൂനിരപ്പ് നില =F

പ്ലോട്ട് വിസ്തീർണ്ണം -162.ച.മീ

സർവ്വേ നമ്പർ -200/7-2-2

ഭൂനിരപ്പ് നില-96.84.ച.മീ

വ്യാപ്തി =162/96.84x100=59.77%

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

മൈലം ഗ്രാമപഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്നതും 2016-17 സാമ്പത്തികവർഷം തൊഴിൽനികുതി ഒടുക്കാത്തതുമായ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നം | സ്ഥാപനം | തൊഴിൽ | വിശദാം |
| --- | --- | --- | --- |

| | | | |
|---|---|---|---|
| | | നികുതി ഒട്ടക്കാത്ത അർദ്ധ വർഷം | ശം |
| 1 | എൻ.എസ്. എസ്. കെ .എൽ. പി. എസ് പള്ളിക്കൽ | II | 2016-17 ഒന്നാം- അർദ്ധ വർഷം തൊഴിൽ നികുതി ഒട്ടക്കി യിട്ടുണ്ട് |
| 2 | വില്ലേജ് ഓഫിസ് കലയപുരം | I | 2016-17 രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി ഒട്ടക്കി യിട്ടുണ്ട് |
| 3 | പോസ്റ്റ് ഓഫിസ് മൈലം | I, II | 2015-16-ൽ തൊഴിൽ നികുതി ഒട്ടക്കി യിട്ടുണ്ട് |
| 4 | പോസ്റ്റ് ഓഫിസ് താമരക്കുടി | I, II | 2015-16-ൽ തൊഴിൽ നികുതി ഒട്ടക്കി യിട്ടുണ്ട് |

| | | | |
|---|---|---|---|
| 5 | പോസ്റ്റ് ഓഫിസ് കോട്ടാത്തല | I, II | 2015-16-ൽ തൊഴിൽ നികുതി ഒടുക്കി യിട്ടുണ്ട് |
| 6 | പി സി റ്റി എന്റർപ്രൈസസ് | I, II | 2015-16-ൽ തൊഴിൽ നികുതി ഒടുക്കി യിട്ടുണ്ട് |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/29-08.17 ) മറുപടി ലഭ്യമാക്കിയില്ല. മേൽസ്ഥാപനങ്ങളിൽനിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

## 2-5 ഇ-ടെണ്ടർ ഫാറവില ലഭ്യമാക്കിയിട്ടില്ല

2016-17 സാമ്പത്തികവർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി നടത്തിയ ഇ-ടെണ്ടർപ്രകാരം പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർഫാറവില നാളിതുവരെ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ട് നം-47/16-17-എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ എന്ന പദ്ധതിയ്ക്കായി നടത്തിയ ഇ-ടെണ്ടറിലെ ടെണ്ടർഫാറ വില 1,600/-രൂപ ക്രമത്തിലായിരുന്നു. അഞ്ച് സ്ഥാപനങ്ങൾ പങ്കെടുത്ത ടെണ്ടറിൽ നിന്നും ലഭിക്കേണ്ട ഫാറവില 8,000/-രൂപ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

2)അസിസ്റ്റന്റ് എഞ്ചിനീയർ 2014-15 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കിയ ഇ-ടെണ്ടറുകളുടെ ഫാറവില ലഭിക്കാനുള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | നടത്തിയ ഇ- | ലഭിക്കേണ്ട തുക |
|---|---|---|

| | | |
|---|---|---|
| | ടെണ്ടറുകളുടെ എണ്ണം | |
| 2014-15 | 3 | 9,000/- |
| 2015-16 | 4 | 24,570/- |
| 2016-17 | 4 | 17,556/- |
| ആകെ | 11 | 51,126/- |

ടെണ്ടർ ഫാറവിലയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക രൂ.59,126/- (8,000 + 51,126) തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ലഭ്യമാകാത്ത സാധനങ്ങൾക്ക് ബിൽമാറി തുകനൽകി

ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാകാത്ത സാധനങ്ങൾക്ക് ബിൽമാറി തുക നൽകി. ബിൽപ്രകാരം പിൻവലിച്ച തുകകളിൽ താഴെപ്പറയുന്ന ഇൻവോയ്സ്പ്രകാരം കൽപ്പദാരു കുടുംബശ്രീഅമൃതം ന്യൂട്രിമിക്സ് യുണിറ്റിൽനിന്നും വാങ്ങാത്ത അമൃതംന്യൂട്രിമിക്സിന്റെ ഇൻവോയ്സ് പ്രകാരം തുക നൽകി.

| ബിൽ നമ്പർ | പിൻ വലിച്ച തുക | ഇൻവോയ്സ് നമ്പർ | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| 2/16-17/ 14-2-2017 | 4,63,883/- | 899/ 18-8-16 | 850 | 56 | 47,600/- |

| | | | | | |
|---|---|---|---|---|---|
| 3/16-17 | 1,47,057/- | 900/ 18-8-16 | 850 | 56 | 47,600/- |
| 2/16-17/ 14-2-2017 | 463883/- | 181/27-1-17 | 792 | 70 | 55,440/- |
| ആകെ | | | | | 1,50,640/- |

ഇൻവോയ്സ് പ്രകാരം കൽപ്പദാരു കുടുംബശ്രീഅമൃതം ന്യൂട്രിമിക്സ് യൂണിറ്റിൽനിന്നും വാങ്ങിയ അമൃതംന്യൂട്രിമിക്സ് കൈപ്പറ്റിയതിന്റെയോ ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയോ രേഖകൾ ലഭ്യമായിട്ടില്ല. ലഭ്യമാകാത്ത സാധനങ്ങൾക്ക് ബിൽ വാങ്ങി തുക മാറി നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/29.8.2017-ന് മറുപടിയായി അബദ്ധത്തിൽ സംഭവിച്ചു പോയതാണെന്നും ഇനി സെപ്റ്റംബർ മാസത്തിൽ പ്രസ്തുത സ്ഥാപനത്തിൽനിന്നും അമൃതംന്യൂട്രിമിക്സ് ലഭ്യമാകുന്നമുറയ്ക്ക് ഈ തുക ക്രമീകരണം നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,50,640/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക തിരികെ ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## **3-2** <u>ആവശ്യത്തിലധികം തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു</u>

കേന്ദ്രവിഹിതമായി ലഭിച്ച തുകകളും പ്ലാൻഫണ്ടിൽനിന്നും ആവശ്യത്തിലധികം പിൻവലിച്ച് ബാക്കി തുകകൾ പ്ലാൻ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ , ചെക്ക് | പിൻ വലിച്ച തുക | ചെല വായ തുക | ബാക്കി തുക |
|---|---|---|---|

| നമ്പർ | | | |
|---|---|---|---|
| 1/16-17/2<br>5-11-17 | 5,84,879/- | 5,83,942/- | 937/- |
| 481446988 /<br>31-03-2017 | 1,91,612/- | 1,82,415/- | 9,197/- |

ബാക്കി തുകകൾ നിർവഹണഉദ്യോഗസ്ഥയുടെ പ്ലാൻ അക്കൌണ്ടായ കൊട്ടാരക്കര എസ്.ബി.റ്റിയിലെ 67028119167 നമ്പർ അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ആയതിൻനിന്നും 25.7.17 തീയതിയിൽ നാളിതുവരെയുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി 16,000/- രൂപ പിൻവലിച്ചിരിക്കുന്നു. പല പദ്ധതിക്കൾക്കായുള്ള തുകകൾ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നതിൽനിന്നും ട്രാൻസ്പോർ ട്ടേഷൻ ചാർജ്ജ് നൽകിയത് അംഗീകരിക്കാനാവില്ല. ഇത് സംബന്ധിച്ചുനൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/29.8.2017 ന് മറുപടിയായി അക്കൌണ്ടിൽ ബാക്കിനിന്ന തുക ചെലവാക്കിയ താണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് അംഗീകരിക്കാനാവില്ല. ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകിയത് ഉൾപ്പെടെയുള്ള തുക തിരികെ ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-3 ഇ.എം.എസ് ലോൺ അക്കൌണ്ടിൽ വരവു വന്ന തുക സംബന്ധിച്ച്

മൈലം ഗ്രാമപഞ്ചായത്തിലെ ഇ.എം.എസ് ലോൺ അക്കൌണ്ടായ താമരക്കുടി സർവ്വീസ് സഹകരണബാങ്കിലെ ലോൺ അക്കൌണ്ടിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ 3-5-2011 തീയതിയിൽ 8,67,900/-രൂപ ലോൺ അക്കൌണ്ടിൽ വരവുവന്നിട്ടുണ്ട്. എന്നാൽ ബിൽബുക്കുപ്രകാരം ടി തുക പിൻവലിച്ചു നൽകിയിട്ടില്ല. പ്രസ്തുതതുക എത് അക്കൌണ്ടിൽനിന്നും വരവു വന്നുവെന്നു വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/29-8-2017-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-4 അങ്കണവാടി വൈദ്യുതീകരണം- വിനിയോഗരേഖകൾ ലഭ്യമല്ല

അങ്കണവാടി വൈദ്യുതീകരണം (പ്രോജക്ട്നമ്പർ 36/17) വൗച്ചർ നമ്പർ 21601251/25-3-17, ബിൽനമ്പർ 28/31-3-2017-പ്രകാരം 6,36,900/-പിൻവലിച്ച് കൊട്ടാരക്കര പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ ഡിവിഷന് നൽകിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് താഴെപ്പറയുംപ്രകാരമാണ് ലഭ്യമായത്.

| അങ്കണവാടി നമ്പർ | എസ്റ്റിമേറ്റ് തുക |
|---|---|
| 1, 2, 3, 4, 5 | 1,87,200/- |
| 6, 9, 10, 11 | 1,49,900/- |
| 12, 14, 19, 20 | 1,49,900/- |
| 21, 23, 24, 26 | 1,49,900/- |
| ആകെ | 6,36,900/- |

ഓരോ അങ്കണവാടിയ്ക്കും പ്രത്യേക ഭൗതികസാഹചര്യമനുസരിച്ച് പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 7/29-7-2017-ന് മറുപടി ലഭ്യമായിട്ടില്ല. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയതിനാൽ ഈയിനത്തിൽ നിക്ഷേപിച്ച തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി 6,36,900/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

താഴെപ്പറയുന്ന ചെലവുകളുടെ ബിൽ, വൗച്ചർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ബിൽ നമ്പർ | വൌച്ചർ നമ്പർ | ചെക്ക് നമ്പർ | ഇനം | തുക |
|---|---|---|---|---|
| 51600236 | ലഭ്യമല്ല | 20422/6-6-16 | Amount paid to asian tyres kottarakkara for purchase of new tyre for office jeep | 11,700/- |
| 51600299 | 21600296 | 20445/28-6-16 | Amount paid to repair & maintenance of office jeep | 6,500/- |

മേൽരേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/29-8-2017-ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള 18,200/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-6 ഇ. എം. എസ് ഭവനപദ്ധതി ലോൺ തുക അക്കൌണ്ടിൽ വരവുവച്ചിട്ടില്ല

ഇ. എം. എസ് ഭവനവായ്പാപദ്ധതിയ്ക്കായി വികസനഫണ്ട് ജനറലിൽനിന്നും പിൻവലിച്ച 5,67,136/- രൂപ കൊല്ലം ജില്ലാസഹകരണബാങ്കിലുള്ള താമരക്കുടി സർവ്വീസ് സഹകരണബാങ്കിന്റെ അക്കൌണ്ടിലേക്ക് (അക്കൌണ്ട് നമ്പർ 10)31.3.2017 തീയതിയിൽ 30 നമ്പർ ബിൽപ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റുചെയ്തു നൽകിയെങ്കിലും 25.8.2017 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ആയത് നാളിതുവരെ പഞ്ചായത്തിന്റെ ലോൺ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. ആയതിനാൽ ലോൺ അക്കൌണ്ടിന്റെ മുതൽതുക ക്ലോസ് ചെയ്തിട്ടില്ല. പ്രസ്തുതതുക ലോൺ അക്കൌണ്ടിൽ 31.3.17 തീയതിയിൽതന്നെ ക്രെഡിറ്റ് വരുത്തി ലോൺ

ക്ലോസ് ചെയ്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്. 31.3.17 തീയതിക്കുശേഷം പ്രസ്തുത തുകയിൻമേൽ പലിശ അടയ്ക്കേണ്ടിവന്നാൽ ആയത് ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതായിരിക്കും. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 7/29-8-2017-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർനടപടി സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 3-7 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

വിവിധ എജൻസികളിൽ/സ്ഥാപനങ്ങളിൽ താഴെപ്പറയുംപ്രകാരം തുക നൽകിയെങ്കിലും ആയതിന്റെ വിനിയോഗവിവരങ്ങൾ ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ , പേര് | തുക നൽകിയത് | ബിൽ നമ്പർ | തുക |
|---|---|---|---|
| സമ്പൂർണ്ണ വൈദ്യുതികരണം (189/16-17) | KSEB | 22/22-3-2017 | 1,78,000/- |
| ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർവിഹിതം നൽകൽ (32/17) | കൊല്ലം ജില്ലാ പഞ്ചായത്ത് | 16/9-3-2017 | 1,00,000/- |
| തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ (44/17) | KSEB കുളക്കട | 30/31-3-2017 | 3,90,400/- |
| കോട്ടാത്തല പി.എച്ച്. സി. ലാബ് , | PWD ഇലക്ട്രിക്കൽ വിംഗ് | 29/31 3-2017 | 2,74,000/- 5,905/- തനതു |

| | | | |
|---|---|---|---|
| ഇഞ്ചക്കാട് മൃഗാശുപത്രിയുടെ മുകൾഭാഗം എന്നിവയുടെ വൈദ്യുതീകരണം (208/17) | | | ഫണ്ട് |

ആയതിനാൽ ഈയിനത്തിൽ ചെലവായ തുക രൂ.9,48,305/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 അക്കൌണ്ടിൽ വരവുവന്ന തുകയുടെ രേഖകൾ ഇല്ല

ആവശ്യത്തിനനുസരിച്ച് ഇ.എം.എസ്. ലോൺ അക്കൗണ്ടിൽനിന്നും വി. ഇ. ഒ യുടെയും പ്രസിഡന്റിന്റെയും പേരിലുള്ള അക്കൌണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുകയാണ് . എന്നാൽ ഇ.എം.എസ്. ലോൺഅക്കൗണ്ടിൽനിന്നുമല്ലാതെ ഇ.എം.എസ്. ലോൺ വി. ഇ. ഒ-യുടെയും പ്രസിഡന്റിന്റയും പേരിലുള്ള അക്കൗണ്ടിൽ താഴെപ്പറയുംപ്രകാരം തുക വരവുവന്നിരിക്കുന്നു.

17.01.2011 - 10,00,000/-

24.01.2012- 15,00,000/-

ഇ.എം.എസ്. ലോൺ അക്കൗണ്ടിൽനിന്നും പിൻവലിച്ച് നിക്ഷേപിച്ച 91,00,000/-രൂപ കൂടാതെ മേൽപ്പറഞ്ഞ തുകകൾ വരവുവന്നത് എത് അക്കൗണ്ടിൽനിന്നാണെന്ന് വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7 /29.8.2017 -ന് മറുപടി ലഭ്യമാക്കിയില്ല.

## 3-9 വിവിധ പ്രോജക്ടുകൾക്ക് വളം വാങ്ങിയതിന് രേഖകളില്ല

താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി വളം വാങ്ങിയതിന്റെ സബ്സിഡി നൽകാനായി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ബിൽ നമ്പർ | തുക |
|---|---|---|
| സമഗ്രവിള പരിപാലനം, ജനറൽ | 2/16-17/17-3-17 | 1,50,000/- |
| | 3/16-17/24-3-17 | 1,00,000/- |
| | 4/16-17/24-3-17 | 2,00,000/- |
| | 6/16-17/31-3-17 | 4,50,000/- |
| | 7/16-17/31-3-17 | 1,00,000/- |
| സമഗ്രവിള പരിപാലനം, എസ്.സി | 5/16-17/24-3-17 | 30,000/- |
| | 8/16-17/31-3-17 | 1,00,000/- |
| | 12/16-17/31-3-17 | 40,000/- |
| വെറ്റിലകൃഷി 102/17 | 11/16-17/31-3-17 | 2,00,000/- |
| ആകെ | | 13,70,000/- |

വളം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 8/29.8.2017-ന് മറുപടിയായി മേൽപ്പറഞ്ഞിരിക്കുന്ന പ്രോജക്ടിനുള്ള ജൈവവളം കർഷകർ

പ്രാദേശികമായിവാങ്ങി ഉപയോഗിച്ചതാണെന്നും ആയത് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുള്ളത് അംഗീകരിക്കാനാവില്ല. ആയതിനാൽ ചെലവുതുക രൂപ 13,70,000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 ആശ്രയപദ്ധതി തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല

പ്രോജക്ട് നമ്പർ 151/16-17 പ്രകാരം വികസനഫണ്ട് ജനറലിൽനിന്നും 11,79,500/-രൂപ മൈലം പഞ്ചായത്തിന്റെ ആശ്രയ രണ്ടാംഘട്ടപദ്ധതിക്കായി ബിൽ നം-10/16-17/31-03-2017 പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി പിൻവലിച്ചിട്ടുണ്ട്. ടി തുക കുടുംബശ്രീ ചെയർപേഴ്സണിന് കൊട്ടാരക്കര കാനറബാങ്കിലുള്ള സേവിംഗ്സ്ബാങ്ക് അക്കൗണ്ട് നം-2681101013505 നിക്ഷേപിച്ചിരിക്കുന്നതല്ലാതെ മറ്റ് പ്രവർത്തനങ്ങളൊന്നും നാളിതുവരെ നടത്തിയിട്ടില്ല. സമൂഹത്തിലെ അശരണരായ വ്യക്തികൾക്ക് അർഹമായ ആനുകൂല്യം നൽകുന്നതിനായി ചെലവഴിക്കേണ്ട തുക നാളിതുവരെ ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക വിനിയോഗിക്കാത്തപക്ഷം സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ഭവനപുനരുദ്ധാരണം-സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം അനുവദിച്ചു

11.01.2016 ലെ ജി.ഒ (എംഎസ്) 4/2016 ത.സ്വ.ഭ.വ സബ്സിഡി മാർഗ്ഗരേഖപ്രകാരം പുതിയ വീട് നിർമ്മിച്ച് 12 വർഷമെങ്കിലും കഴിഞ്ഞവർക്കും 19.01.2017 ലെ ജി.ഒ (ആർ. ടി )161/17 ത.സ്വ.ഭ.വ ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്താൽ പുതിയ വീട് നിർമ്മിച്ച് 8 വർഷമെങ്കിലും കഴിഞ്ഞവർക്കുംമാത്രമേ ഭവനപുനരുദ്ധാരണധനസഹായത്തിന് അർഹതയുള്ളു. എന്നാൽ വി. ഇ ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭവനപുനരുദ്ധാരണം പദ്ധതിയിൽ സബ്സിഡി മാനദണ്ഡങ്ങൾക്കുവിരുദ്ധമായി ആനുകൂല്യം അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആനുകൂല്യം | ഡി.ഡി. നം/ചെക്ക് നമ്പർ/ ബിൽ നമ്പർ | അപാകത |
|---|---|---|---|
| ശ്രീമതി.രേഖ ജയരാജ് ഭവനം | 15,000/- | ബിൽ നമ്പർ 4/16-17 തീയതി 15/03/2017 | പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം പ്രകാരം കെട്ടിടത്തിന് (XI/318) 10 വർഷത്തിൽ താഴെ പഴക്കം |
| ശ്രീമതി.ഓമന പാറവിള വീട് | 15,000/- | ബിൽ നമ്പർ 5/16-17 തീയതി 16/03/2017 | റേഷൻ കാർഡ് നം 1208116363 പ്രകാരം കെട്ടിട ഉടമയായ അച്ചൻകുഞ്ഞ് വിദേശത്താണ് |
| ശ്രീമതി.രത്നമ്മ | 15,000/- | ബിൽ | പഴക്കം |

| | | | |
|---|---|---|---|
| രേഖാഭവനം | | നമ്പർ 5/16-17 തീയതി 16/03/2017 | തെളിയിക്കുന്ന സാക്ഷ്യപത്രം പ്രകാരം കെട്ടിടത്തിന് (XV/113) 10 വർഷത്തിൽ താഴെ പഴക്കം |
| ശ്രീമതി. മണിയമ്മാൾ ഷൈനിമന്ദിരം | 15,000/- | ബിൽ നമ്പർ 7/16-17 തീയതി 22/03/2017 | പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം പ്രകാരം കെട്ടിടത്തിന് ( XIII//361) 10 വർഷ ത്തിൽ താഴെ പഴക്കം |
| ശ്രീമതി.വസന്ത പോറ്റിവിള പുത്തൻ വീട് | 15,000/ | ബിൽ നമ്പർ 7/16-17 തീയതി 22/03/2017 | പഴക്കം തെളി യിക്കുന്ന സാക്ഷ്യ പത്രം പ്രകാരം കെട്ടിടത്തിന് |

| | | | |
|---|---|---|---|
| | | | (XVI/235) 10 വർഷ ത്തിൽ താഴെ പഴക്കം |
| ആകെ | 75,000/- | | |

സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അനുവദിച്ച 75,000/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/29-08-17) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ഭവനങ്ങളുടെ പഴക്കം നിർണയിച്ചുകൊണ്ടുള്ള അസി.എൻജിനീയറുടെ സാക്ഷ്യപത്രം ഹാജരാക്കാമെന്ന് പരാമർശിച്ച സാഹചര്യത്തിൽ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 3-12 വികസനഫണ്ട് - ജനറൽ പർപ്പസ് ഫണ്ടുകൾ നഷ്ടപ്പെട്ടു

1)ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ അനുവദിച്ച 9-ാം ഗഡു പഞ്ചായത്തിന് നഷ്ടപ്പെട്ടു.

2016-17 സാമ്പത്തികവർഷത്തിൽ ജനറൽപർപ്പസ് ഫണ്ട് ഗ്രാന്റായി 1,11,86,904/- രൂപയാണ് ബജറ്റുവിഹിതം അനുവദിച്ചിരുന്നത്. ആയതിന്റെ ഒമ്പതാംഗഡു തുക 9,32,242/- രൂപ സർക്കാർ ഉത്തരവ് നം (ആർ.ടി) 9853/16/ഫിൻ-22/12/2016 പ്രകാരം അനുവദിച്ചിരുന്നത് ട്രഷറിയിൽ ബിൽബുക്കുപ്രകാരം പാസ്സാക്കിയെങ്കിലും ടി തുക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റുചെയ്ത് ലഭിക്കാതിരുന്നതുമൂലം ഗ്രാമ പഞ്ചായത്തിന് മേൽതുക നഷ്ടമായിരിക്കുന്നു. പഞ്ചായത്തിന്റെ തനതുഫണ്ടായി ചെലവഴിക്കാവുന്ന ടി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) സർക്കാർ ഉത്തരവ് (പി) 177/2016/ഫിൻ തീയതി 12-04-2006 പ്രകാരം ഒരോ വർഷത്തേയും സംസ്ഥാന ബജറ്റിൽ അംഗീകരിച്ച തുക സർക്കാരിന്റെ സഞ്ചിതനിധിയിൽനിന്നും പിൻവലിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്നവിധത്തിൽ 10 തവണകളായി വർഷംതോറും നൽകിവന്നിരുന്നു. എന്നാൽ 21.03.2015 ലെ ജി.ഒ (പി)119/2015/ഫിൻ അനുസരിച്ച് 2015-16 വർഷം മുതൽ ബജറ്റിൽ അംഗീകരിച്ച തുക മൂന്ന് അലോട്ട്മെന്റുകളായി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുകകൾ സഞ്ചിതനിധിയിൽനിന്നും നേരിട്ട് ചെലവ് വൗച്ചറുകൾമുഖേന പിൻവലിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതുമൂലം വർഷാവസാനം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തദ്ദേശസ്വയംഭരണസ്ഥാപനത്തിന് നഷ്ടമാകുന്നു. എന്നാൽ വർഷാവസാനം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സപ്ലിമെന്ററി ഡിമാന്റുവഴി ട്രഷറി ഡയറക്ടർ നൽകുന്ന തുക പരിഗണിച്ച് ജൂലൈ മാസത്തിൽ നൽകുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെ ഈ തുക സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടില്ല.

പഞ്ചായത്തിന് 2016-17 സാമ്പത്തികവർഷത്തിൽ നഷ്ടമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെല വഴിച്ച തുക | നഷ്ട മായ തുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1,67,22,315/- | 1,32,55,052/- | 34,67,263/- |
| എസ്.സി.പി | 1,27,16,565/- | 1,05,26,672/- | 21,89,893/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 93,78,065/- | 48,61,999/- | 45,16,066/- |

| | | | |
|---|---|---|---|
| | | | |
| പെർഫോമൻസ് ഗ്രാന്റ് | 4,31,366/- | 2,29,644/- | 201722/- |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 97,44,402/- | 38,50,852/- | 58,93,550/- |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 44,50,998/- | 33,70,582/- | 10,80,416/- |
| ആകെ | 5,34,43,711/- | 3,60,94,801/- | 1,73,48,910/- |

## 3-13 ജീവൻ രക്ഷാമരുന്നുകൾക്ക് തുക മുൻകൂർ ഒടുക്കുവരുത്തിയെങ്കിലും നാളിതുവരെ ലഭിച്ചിട്ടില്ല

പാലിയേറ്റീവ്കെയർ, ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിലേക്കാവശ്യമായ മരുന്നുകൾ വിതരണം നടത്തുന്നതിനായി മുൻകൂർ പണം ഒടുക്കിയിട്ടും നാളിതുവരെ മരുന്നുകൾ വിതരണം നടത്തിയിട്ടില്ല.

1) പ്രോജക്ട്നം.124/16-17 പ്രകാരം റോഡിതരസംരക്ഷണഗ്രാന്റിൽനിന്നും 1,00,000/-രൂപ (ബിൽ നം.2/16-17/23-02-17) കേരള സംസ്ഥാന ഹോമിയോപ്പതിക്ക് ഫാർമസ്യൂട്ടിക്കൽസിന് നൽകിയെങ്കിലും നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ലെന്ന് 24.08.17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.3-ന് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥയായ ആയുർവേദ മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. പ്രോജക്ട്നം.110 പ്രകാരം ആയുർവേദമരുന്നുകൾ വാങ്ങുന്നതിനായി ബിൽ നം-1/16-17/19-12-16

പ്രകാരം റോഡിതരസംരക്ഷണഗ്രാന്റിൽനിന്നും പിൻവലിച്ച് ഔഷധിയിൽ ഒടുക്കിയ 3,00,000/-രൂപയിൽ 72,291/-രൂപയുടെ മരുന്നുകൾകൂടി ലഭിക്കാനുണ്ട്.

2) പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് പദ്ധതി (28/16-17)പ്രകാരം വികസനഫണ്ടിൽനിന്നും ബിൽ നം.5/16-17/30.03.17 പ്രകാരം പിൻവലിച്ച 1,93,057/-രൂപയിൽ 1,07,998/-രൂപ മരുന്നുകൾക്കും 18,102/-രൂപ പാലിയേറ്റീവ് ഉപകരണങ്ങൾക്കുമായി കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ലിമിറ്റഡിൽ ഒടുക്കിയെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആകെ 1,80,289/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. ആയതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 ലാപ്ടോപ്പ് വാങ്ങുന്നതിനായി അംഗീകരിച്ച നിരക്കിൽനിന്നും അധികമായി പണം ചെലവഴിച്ചു

ലാപ്ടോപ്പ് വിതരണം നടത്തുന്നതിനായി നടത്തിയ ടെണ്ടർപ്രകാരം കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് അംഗികരിച്ച നിരക്കിൽനിന്നും കൂടുതലായി പണം നൽകി.

പട്ടികജാതിവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലാപ്ടോപ്പ്വിതരണം എന്ന പദ്ധതിപ്രകാരം (പ്രോജക്ട് നം.47/16-17) ലാപ്ടോപ്പ് വിതരണം നടത്തുന്നതിനായി നടത്തിയ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടേയും ടി സ്ഥാപനങ്ങൾ ക്വോട്ടുചെയ്ത നിരക്കുകളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ക്വോട്ട് ചെയ്ത നിരക്ക് | 5% മൂല്യ വർദ്ധിത നികുതി ഉൾപ്പെടെ നൽകേണ്ട നിരക്ക് | 20 ലാപ്ടോപ്പുകൾക്ക് നൽകേണ്ട വില |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| M/s. എഫ്-1 സൊല്യൂഷൻസ് | 24,700/- (നികുതി ഉൾപ്പെടെ) | 24,700/- | 4,94,000/- |
| M/s. ഡിജിറ്റ ലോയ്ഡ് | 24,320/- (നികുതി വിവരം ടെണ്ടറിൽ പരാമർശി ചിട്ടില്ലാത്ത തിനാൽ നികുതി ഉൾപ്പെ ടെയുള്ള നിരക്കായി പരിഗണി ക്കേണ്ടതാണ്) | 24,320/- | 4,86,400/- |
| M/s. ടെക്നോ വേൾഡ് | 25,990/- (നികുതികൾ ഉൾപ്പെടെ) | 25,990/- | 5,19,800/- |
| | 24,990/- (നികുതികൾ | 24,990/- | 4,99,800/- |

| | | | |
|---|---|---|---|
| | ഉൾപ്പെടെ) | | |
| | 32,000/- (നികുതികൾ ഉൾപ്പെടെ) | 32,000/- | 6,40,000/- |

പദ്ധതിപ്രകാരം വിതരണം ചെയ്യേണ്ട 20 ലാപ്‌ടോപ്പുകൾ വിതരണം നടത്തുന്നതിനായി പഞ്ചായത്തുകമ്മിറ്റി തെരെഞ്ഞെടുത്തത് M/s.ഡിജിറ്റലോയ്ഡ് എന്ന സ്ഥാപനത്തിനെ യാണ്. (കമ്മിറ്റി തീരുമാനം -11/16-03-17) ലാപ്‌ടോപ്പുകൾ വിതരണം നടത്തിയതിന് ടി സ്ഥാപനത്തിന്റെ 25.03.2017-ലെ ഇൻവോയ്സ് നം.1082 പ്രകാരം 5,10,720/-രൂപ (ബിൽ നം.9/16-17/30.03.2017) എസ്.സി.പി ഫണ്ടിൽനിന്നും പിൻവലിച്ചുനൽകി. ഇ-ടെണ്ടറിൽ M/s.ഡിജിറ്റലോയ്ഡ് ക്വോട്ടുചെയ്ത നിരക്കായ 4,86,400/- രൂപയിൽനിന്നും 24,320/-രൂപ അധികമായി നൽകിയിരിക്കുന്നു. നികുതി ഉൾപ്പെടെയുള്ള ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ M/s.എഫ്-1 സൊല്യൂഷൻസ് എന്ന സ്ഥാപനത്തിനെ പരിഗണിക്കുന്നതിനുപകരം M/s.ഡിജിറ്റലോയ്ഡ് എന്ന സ്ഥാപനത്തിനെ തെരെഞ്ഞെടുത്തതുമൂലം പഞ്ചായത്തുഫണ്ടിന് നഷ്ടമുണ്ടായി. ടെണ്ടർ നിരക്കിൽനിന്നും അധികമായി വാങ്ങിയ തുക 24,320/-രൂപ ലാപ്‌ടോപ്പുകൾ വിതരണം നടത്തിയ M/s.ഡിജിറ്റലോയ്ഡ് എന്ന സ്ഥാപനത്തിൽനിന്നും തിരികെ ഈടാക്കാത്തപക്ഷം ചെലവ് നടത്തിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി ഈടാക്കേണ്ടതാണ്.

## 3-15 ലാബ് പ്രവർത്തിക്കുന്നതിനായി **3,00,000/-**രൂപ വിനിയോഗിച്ചിട്ടും നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല

ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സിയോട് അനുബന്ധമായി ലാബ് പ്രവർത്തിക്കുന്നതിനായി വികസനഫണ്ട് ജനറലിൽനിന്നും 3,00,000/-രൂപ ബിൽ നമ്പർ 4/16-17/24.03.2017 (പ്രോജക്ട്നം.38/16-17) പ്രകാരം പിൻവലിച്ച് ചുവടെ സൂചിപ്പിക്കുന്ന ഇനങ്ങൾക്കായി ചെലവഴിച്ചു.

| ഇനം | തുക |
|---|---|
| ലബോറട്ടറി ഉപകരണങ്ങൾ | 1,08,209/- |
| വാർഡ്റോബ് സ്ഥാപിക്കൽ | 29,850/- |
| ലാബ് റീഏജന്റ്സ് | 73,272/- |
| ഫർണീച്ചർ | 28,100/- |
| റെഫ്രിജറേറ്റർ | 14,800/- |
| ഫോമുകൾ, രജിസ്റ്ററുകൾ | 12,400/- |
| ഇൻവെർട്ടർ | 29,781/- |
| ഫാൻ | 3,588/- |
| ആകെ | 3,00,000/- |

എന്നാൽ കെട്ടിടത്തിന് നാളിതുവരെ വൈദ്യുതികണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ ലാബ് പ്രവർത്തിക്കാനായിട്ടില്ല. ലബോറട്ടറി ഉപകരണങ്ങൾക്കായി കെ.എം.എസ്.സി.എല്ലിൽ ഒടുക്കിയ തുകയിൽ 1,08,209/- രൂപയിൽ 29,388/-രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഉപകരണങ്ങളുടെ വാറണ്ടി കാലാവധി കഴിയുന്നതിനുമുമ്പായി ലാബ് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-16 പോസ്റ്റ് ഷിഫ്റ്റിംഗ്-വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല

വിവിധ വൌച്ചറുകളിലായി പോസ്റ്റ് ഷിഫ്റ്റിംഗിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | ചെക്ക് നമ്പർ | വിവരണം | തുക |
|---|---|---|---|
| 21600106/ 25-4-2016 | 20397/ 25-4-2016 | ഫാക്ടറിക്ക് കശുവണ്ടി ഇഞ്ചക്കാട് വാർഡിലെ പത്തൊമ്പതാം സമീപം പോസ്റ്റ് ഷിഫ്റ്റിംഗ് | 7,730/- |
| 21601193/ 13-3-2017 | 30204/ 13-3-2017 | വാർഡ് 8 ലെ പോസ്റ്റ് ഷിഫ്റ്റിംഗ് | 24,854/- |
| 21601247/ | 30216/ | പോസ്റ്റ് | 4,007/- |

| | | | |
|---|---|---|---|
| 25-3-2017 | 25-3-2017 | ഷിഫ്റ്റിംഗ് | |
| ആകെ | | | 36,591/- |

ആയതിന്റെ വിനിയോഗരേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/29.8.2017) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി 36,591/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 വിനിയോഗവിശദാംശങ്ങളില്ല. ചെലവ്തുക തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾപ്രകാരം തുകകൾ ചെലവഴിച്ചെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണത്തിന്റെയോ തുകയുടെ വിനിയോഗത്തിന്റെയോ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പ്രവർത്തിയുടെ പേര്,നം | ചെലവഴിച്ച തുക/ഫണ്ടിനം | ബിൽ നം-തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| പട്ടികജാതി കോളനികളിൽ കുടിവെള്ളപദ്ധതി-209/16-17 | 27,54,585/- എസ്.സി.പി | 6/16-17 /3-03-17 | ഭൂഗർഭജല വകുപ്പ് |
| ഐ.എ.വൈ-അധിക സഹായം-59/16-17 | 11,75,000/- എസ്.സി.പി | 4/16-17 /27-02-17 | ബ്ലോക്ക് പഞ്ചായത്ത് വെട്ടിക്കവല |
| ഐ.എ.വൈ-അധിക സഹായം-179/16-17 | 3,60,000/- എസ്.സി.പി | 5/16-17 /3-03-17 | ബ്ലോക്ക് പഞ്ചായത്ത് വെട്ടിക്കവല |

| ആകെ | 42,89,585/- | | |
|---|---|---|---|

പദ്ധതിയുടെ പൂർത്തീകരണവിശദാംശങ്ങളോ തുകയുടെ വിനിയോഗവിശദാംശങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (4/24-08-2017)പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ടി പദ്ധതികൾക്കായി നടത്തിയ 42,89,585/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-18 ട്യൂബ് സെറ്റ്, സി.എഫ്. എൽ ഫിറ്റിംഗ് ചാർജ്ജ് സംബന്ധിച്ച്

ട്യൂബ് സെറ്റ് , സി.എഫ്.എൽ ഫിറ്റിംഗ് ചാർജ് എന്ന പ്രോജക്ടിനായി (4/17) വൗച്ചർ നമ്പർ 21600209/30.5.2016 പ്രകാരം ( ചെക്ക് നമ്പർ 20419/30-05-2016) 11,430/-(127x90=11430/-)രൂപ ശ്രീ.പ്രസാദ്, ഇഞ്ചക്കാട് എന്നയാൾക്ക് നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | എണ്ണം | തുക |
|---|---|---|
| V | 20 | 1,800/- |
| VII | 24 | 2,160/- |
| XII | 22 | 1,980/- |
| XVII | 35 | 3,150/- |
| VI | 26 | 2,340/- |
| ആകെ | | 11,430/- |

എന്നാൽ ആയത് സംബന്ധിച്ച് കൊട്ടാരക്കര ഇലക്ട്രിസിറ്റി ബോർഡ് അസിസ്റ്റൻറ് എഞ്ചിനീയറുടെ സാക്ഷ്യപത്രംപ്രകാരം 7, 9, 11, 12, 16, 17

എന്നീ വാർഡുകളിൽ ആകെ 133 എണ്ണം സ്ഥാപിച്ചിരിക്കുന്നു എന്നാണ്. ആയതിനാൽ ടി ചെലവിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 16/30.8.17-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ തുക 11,430/- രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യമയ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-19 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതിപണം ചെലവഴിച്ചതിൽ അപാകത

2015-16 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി (നം-230/16)പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതിയാണ് തൻവർഷം നടപ്പിലാക്കിയ 10/16-17 എന്ന പദ്ധതി.ആകെ 20 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിക്കായി 2015-16 സാമ്പത്തികവർഷത്തിൽ 6,30,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.ബാക്കി 13,70,000/-രൂപ തൻവർഷം ചെലവഴിച്ചതിന്റെ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

a) 2015-16 സാമ്പത്തികവർഷത്തിൽ കുഞ്ഞുമോൻ.പി, കുന്നിവിള, അശോകൻ,പാലവിള പുത്തൻവീട്, അജയകുമാർഘോഷ്, അനന്തു ഭവനം എന്നീ ഗുണഭോക്താക്കൾക്കായി 30,000/-രൂപവീതം മുൻകൂർ പിൻവലിച്ചെങ്കിലും ടിയാളുകൾക്ക് 2016-17 സാമ്പത്തിക വർഷത്തിലാണ് ആനുകൂല്യം നൽകിയിരിക്കുന്നത്.തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | തുക | ഡി.ഡി. നം. തീയതി |
|---|---|---|
| ശ്രീ.അശോകൻ, പാലവിളവീട് | 30,000/- | 849768/ 27-09-2016 |

| | | |
|---|---|---|
| | 30,000/- | 849783/ 27-10-2016 |
| | 40,000/- | 849795/ 12-11-2016 |
| ശ്രീ.കുഞ്ഞുമോൻ.പി, കുന്നിവിള | 30,000/- | 849707/ 27-07-2016 |
| | 40,000/- | 849731/ 22-08-2016 |
| | 30,000/- | 849758/ 07-09-2016 |
| ശ്രീ.അജയകുമാർഘോഷ്, അനന്തു ഭവനം | 30,000/- | 849708/ 27-07-2016 |
| | 70,000/- | 849797/ 12-11-2016 |

b) ശ്രീ.ബിനു.എൽ, ശ്രീമന്ദിരം എന്ന ആൾക്ക് 2015-16 സാമ്പത്തികവർഷത്തിൽ 30,000/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താവിന്റെ അപേക്ഷവിവരം, തുക നൽകിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2016-17 സാമ്പത്തികവർഷത്തിൽ ടി ഗുണഭോക്താവിന് ആനുകൂല്യം നൽകിയിട്ടുമില്ല.

2) 2016-17 സാമ്പത്തികവർഷത്തിൽ ബിൽ നം.1/16-17, 20.08.2016 പ്രകാരം 13,70,000/-രൂപ പിൻവലിച്ച് കാനറബാങ്കിന്റെ കൊട്ടാരക്കര

ബ്രാഞ്ചിൽ(അക്കൗണ്ട്നം-583610100137) 20-08-2016-ൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ തുക പിൻവലിച്ചത് ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് എന്ന വിവരം ബില്ലിനൊപ്പം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മുൻവർഷം തുക മുൻകൂറായി പിൻവലിച്ചിട്ടില്ലാത്തവരിൽ ചുവടെ സൂചിപ്പിക്കുന്നവർക്ക് 20.08.2016-ന് മുമ്പായി തുകകൾ വിതരണം നടത്തിയിരിക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ചെക്ക് നം./ തീയതി | തുക |
|---|---|---|
| ശശി, സരിതാഭവനം, | 849687/ 02.06.16 | 30,000/- |
| വാസുദേവൻ, ജീവൻ നിവാസ് | 849684/ 30.05.16 | 30,000/- |

ജി.ഒ.(പി)177/2006/ധന-തീയതി 12.04.2006 ഖണ്ഡിക 6-1 പ്രകാരം ഭാവിയിൽ ചെലവുവരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. 20.08.2016-ൽ പദ്ധതിതുക ഒന്നാകെ മുൻകൂറായി പിൻവലിച്ച് ശ്രീ.ബിനു.എൽ, ശ്രീമന്ദിരം എന്ന ആൾക്ക് 2015-16 സാമ്പത്തി കവർഷത്തിൽ 30,000/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താവിന്റെ അപേക്ഷവിവരം, തുക നൽകിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2016-17 സാമ്പത്തികവർഷത്തിൽ ടി ഗുണഭോക്താവിന് ആനുകൂല്യം നൽകിയിട്ടുമില്ല.അസിസ്റ്റന്റ് സെക്രട്ടറിയുടെ പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് പണം വിതരണം നടത്തുകയാണ് ചെയ്തിരിക്കുന്നത്. 12.11.2016 വരെയുള്ള കാലയളവുവരെ പണം വിതരണം നടത്തിയിരിക്കുന്നു. ചെലവഴിക്കപ്പെടാതെ പണം 30 ദിവസത്തിൽ കൂടുതൽ കൈവശം സൂക്ഷിക്കരുതെന്ന സർക്കാർ ഉത്തരവിനെ മറികടന്ന് പണം സൂക്ഷിച്ചിരിക്കുന്നത് താല്ക്കാലിക പണാപഹരണമാണ്.

3)ജി.ഒ (ആർ.ടി)626/2016 ത.സ്വ.ഭ.വ.തീയതി 15.02.2016 പ്രകാരം നിലവിൽ വാസയോഗ്യമായ വീടുള്ള പട്ടികജാതി/പട്ടികവർഗ്ഗകുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കാണ് പഠനമുറികൾക്കുള്ള ധനസഹായം നൽകുന്നത്. 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണ മുള്ള വീടുകളുള്ള ഗുണഭോക്താക്കൾക്കാണ് പഠനമുറി നൽകുന്നത്. എന്നാൽ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ വീടിന്റെ ഉടമസ്ഥാവകാശ രേഖകൾ, നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം, നിർമ്മിക്കുന്ന മുറിയുടെ പ്ലാൻ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1)ശ്രീജിത്ത് – ശ്രീജിത്ത് ഭവനം

(2) രമേശ്-തെങ്ങിലഴികത്ത് വീട്

(3)അഖില ആനന്ദ്-ചിറക്കരോട്ട് വീട്

(4) ദീപു-ചരുവിളവീട് മാണിശ്ശേരി വീട്

(5)സരിത-സരിത ഭവനം

(6)രേഷ്മ.എസ്-കൊച്ചുവിള പുത്തൻവീട്

(7) ചിത്ര.വി.ചെല്ലം-ചരുവിള പുത്തൻ വീട് പള്ളിക്കൽ,

(8) അഞ്ചുഘോഷ്-ആനന്ദഭവനം.

മേൽപദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് പട്ടികജാതിക്ഷേമവകുപ്പിൽനിന്നും പഠനമുറി പണിയുന്നതിനുള്ള ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 3-20 <u>അസിസ്റ്റന്റ് സെക്രട്ടറിയുടെ പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിച്ചിരിക്കുന്നു.</u>

ജി.ഒ.(പി)177/2006/ധന-തീയതി 12.04.2006 ഖണ്ഡിക 8-3 പ്രകാരം നോൺബാങ്കിംഗ് ട്രഷറിയിൽ ദേശസാൽകൃതബാങ്കുകൾവഴി ബില്ലുകൾ സമർപ്പിക്കണം. ഈ ആവശ്യത്തിനുവേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥന്റെപേരിൽ ആരംഭിക്കുന്ന അക്കൗണ്ടിൽ ഒരോ മാസവും അവസാനം വിതരണം ചെയ്യാനാവാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന കാഷ്/ഡി.ഡി തുകകൾ ട്രഷറിചെല്ലാൻമുഖേന തിരിച്ചടയ്ക്കണം.ദേശസാൽകൃതബാങ്കിൽ അടച്ചതുകയുടെ വിവരങ്ങൾ

പ്രത്യേകരജിസ്റ്ററിൽ എഴുതി സൂക്ഷിക്കണം. കാനറ ബാങ്കിന്റെ കൊട്ടാരക്കര ബ്രാഞ്ചിൽ (അക്കൗണ്ട് നം.583610100137) അസിസ്റ്റന്റ് സെക്രട്ടറിയുടെ പേരിലുള്ള സേവിംഗസ്ബാങ്ക് അക്കൗണ്ടിൽ 31.07.2017-ൽ 2,06,969/-രൂപ നീക്കിബാക്കിയുണ്ട്. 2014-15, 2015-16 സാമ്പത്തികവർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും തുക ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്ന വിവരം റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും ചെലവഴിക്കാതെ അവശേഷിച്ചിരിക്കുന്ന തുക തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. 31.07.2017-ൽ 2,06,969/-രൂപ നീക്കിബാക്കിയുള്ള തുക ഏതൊക്കെയെന്ന് ഇനംതിരിച്ച് വ്യക്തമാക്കുന്നരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 18/30.08.2017-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-21** <u>കൽവർട്ട് നിർമ്മാണം - ഐ ആർ സി സ്പെസഫിക്കേഷന് അധികമായി സ്റ്റീൽ റോഡ് ഉപയോഗിച്ചു- **3,009/-** രൂപയുടെ അധിക ചെലവ്</u>

പ്രവർത്തിയുടെ പേര്-പ്ലാങ്കാല തലക്കൽ ഏലാറോഡ് ,കൽവർട്ട് നിർമ്മാണം

എം .ബുക്ക് നമ്പർ-07/16-17

ബിൽ നം.12/16-17 തീയതി 03.03/2017 -1,48,000/-

ബിൽ നം.13/16-17 തീയതി 07.03/2017 -1,46,670/-

മേൽ പ്രവൃത്തിയുടെ ഭാഗമായി 1.5 മീറ്റർ സ്പാനും 4 മീറ്റർ നീളവും 0.40 മീറ്റർ അബട്ട്മെന്റുമുള്ള കൽവർട്ടിന് 2.30 മീറ്റർ വീതിയും 4.00 മീറ്റർ നീളവും 0.20 മീറ്റർ കനമുള്ള പ്രബലിത സിമന്റ് കോൺക്രീറ്റ് സ്ലാബ് നിർമ്മിക്കുന്നതിന് 16 എം എം (മെയിൻ), 65.34 kg,10 എം.എം (ഡിസ്ട്രിബ്യൂട്ടർ)108.61 kg ഉൽപ്പടെ ആകെ 170.119 kg സ്റ്റീൽ റോഡുകളുടെ വിലയായി 12,826/-രൂപ ചെലവഴിച്ചിട്ടുണ്ട് (170.119*100/ kg-25% ടെൻഡർ ബിലോ) എന്നാൽ ഐ ആർ സി സ്പെസിഫിക്കേഷൻപ്രകാരം മേൽ കോൺക്രീറ്റ് സ്ലാബിന് 130 kg സ്റ്റീൽ റോഡുകളുടെ ആവശ്യം മാത്രമാണ് ഉള്ളത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

Loading : I.R.C. Class A clear span -1.5 m

Main Rod - 12 mm ф , spacing = 10 cm, No. Of cranked rods = 1 in 4

Distributor= 12 mm ф,spacing = 21.5 cm

മെയിൻ റോഡിന് ആവശ്യമായ നീളം - 2.3 മീറ്റർ

മെയിൻ റോഡുകളുടെ എണ്ണം = 31 [ (400/10) +1) - നാലിലൊന്ന് ക്രാങ്ക്)]

മെയിൻ റോഡിന് ആകെ നീളം=71.3മി (2.3*31)

ക്രാങ്ക് റോഡുകളുടെ ആവശ്യമായ നീളം -2.43 മീറ്റർ (2.3 + (0.84*.15)

ക്രാങ്ക് റോഡുകളുടെ എണ്ണം -10

ക്രാങ്ക് റോഡുകളുടെ ആകെ നീളം -24.3 മീറ്റർ (2.43*10)

ഡിസ്ട്രിബ്യൂട്ടറുകളുടെ ആവശ്യമായ നീളം -3.90 മീറ്റർ

ഡിസ്ട്രിബ്യൂട്ടറുകളുടെ എണ്ണം -12 (230/21.5)+1)

ഡിസ്റ്റ്ട്രിബ്യൂട്ടറുകളുടെ ആകെ നീളം -46.8 മീറ്റർ

12 എം എം റോഡുകളുടെ ആകെ നീളം -142.4 മീറ്റർ

12 എം എം റോഡുകളുടെ ആകെ ഭാരം- 126.09 kg (142.4*0.888)

ആവശ്യമായ 12 എം എം റോഡുകളുടെ ഭാരം-130 kg (126.09 + 3% വേസ്റ്റേജ്)

അധിക ഉപയോഗം - 40.11 kg (170.11-130)

അധിക ചെലവ് - 3,009 /- (40.11*100-25%ടെൻഡർ ബിലോ)

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/29.8.2017) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 3,009/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 52,500/- | മുണ്ടകൻ കൃഷിക്ക് ആനുകൂല്യം | 52,500/- | ഇല്ല |
| | | 75,000/- | ശാരീരിക-മാനസിക വൈകല്യമുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം | 75,000/- | ഇല്ല |
| | | 25,000/- | പാലളവിന് സബ്സിഡി | 25,000/- | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | | 75,000/- | ശാരീരിക-മാനസിക വൈകല്യമുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം | 75,000/- | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | 25,000/- | പാല ളവിന് സബ് സിഡി | 25,000/- | ഇല്ല |
| | | 2,00,000/- | പാലി യേറ്റീവ് കെയർ | 2,00,000/- | ഇല്ല |

**4-2** <u>ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ</u>

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻ കൂർ നൽ കിയ തുക | ചെല വഴിച്ച തുക | ചെല വഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി- | പ്രോജക്ട് നം-44<br>തെരുവ് വിളക്ക് മീറ്റർ സ്ഥാപി ക്കൽ | 21601253/ 25-032017 | 4,00,000/- | 3,90,400/- | 9,600/- |

| | | | | | |
|---|---|---|---|---|---|
| പി.ഡബ്ലിയു.ഡി ഇലക്ട്രിക്കൽ വിംഗ് , കൊല്ലം | പ്രോജക്ട് നം-208 കോട്ടാത്തല പി.എച്ച്.സി ലാബ്- ഇഞ്ചക്കാട് മൃഗാശു പത്രിയുടെ മുൻഭാഗം വൈദ്യു തീകരണം | 21601249/ 25-03-2017 | 2,80,105/- | 2,80,105/- | ഇല്ല |
| പി.ഡബ്ലിയു.ഡി ഇലക്ട്രിക്കൽ വിംഗ് | പ്രോജക്ട് നം-36 അങ്കണ വാടികളുടെ വൈദ്യു തീകരണം | 21601200/ 15.03.2017 21601251/ 20.03.2017 | 7,95,178/- | 6,50,620/- | 1,44,558/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ് | പ്രോജക്ട് നം-209 പട്ടികജാതി കോളനി കളുടെ കുടിവെള്ള പദ്ധതി | 21601170/ 08.03.2017 | 32,04,000/- | 27,54,585/- | 4,49,415/- |
| കെ.എസ്. ഇ.ബി | പ്രോജക്ട് നം-205 വൈദ്യുതി | | 50,000/- | 47,695/- | 2,305/- |

| | | | | | |
|---|---|---|---|---|---|
| | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. തീയതി |
|---|---|---|---|---|
| 2013-14<br>2014-15 | 3.9<br>3.9 | 5,000/-<br>5,000/- | ശ്രീമതി.സുജിത NREGS ഓവർസീയർ<br>ശ്രീ.അവിനാഷ് NREGS ഓവർസീയർ | 1167100999/ 10-06-2016<br>1167101000/ 10-06-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,23,01,785/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,62,58,558/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,77,969/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 92,37,936/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തര വാദിയായ ആളുടെ പേരും ഉദ്യോഗ പ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാ വുന്നവ | സർചാർജ് ചെയ്യാ വുന്നവ | |
| 3-1 | | 1,50,640/- | ശ്രീമതി. ഇന്ദിര.വി, ഐ.സി. ഡി.എസ് സൂപ്പർവൈസർ |

| | | | |
|---|---|---|---|
| 3-14 | | 24,320/- | ശ്രീ.അനിൽകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-21 | | 3,009/- | ശ്രീമതി.പ്രിയ<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തര വാദിയായ ആളുടെ പേരും ഉദ്യോഗ പ്പേരും |
|---|---|---|
| 3-4 | 6,36,900/- | ശ്രീമതി.വി.ഇന്ദിര<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-5 | 18,200/- | സെക്രട്ടറി |
| 3-7 | 9,48,305/- | സെക്രട്ടറി |
| 3-9 | 13,70,000/- | കൃഷി ഓഫീസർ |

| | | |
|---|---|---|
| 3-10 | 11,79,500/- | ശ്രീ.അനിൽ കുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-13 | 1,80,289/- | ശ്രീമതി. ബിൻസി. ബി.എസ്, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-16 | 36,591/- | സെക്രട്ടറി |
| 3-17 | 42,89,585/- | ശ്രീ.അനിൽകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ശ്രീമതി.ഇന്ദിര.വി ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ മൈലം | വൃന്ദാവനം, പകൽക്കുറി. പി.ഒ. പള്ളിക്കൽ, തിരുവനന്തപുരം |
| ശ്രീ.അനിൽകുമാർ അസി.സെക്രട്ടറി | അസി. സെക്രട്ടറി മൈലം | യദുകുലം കാക്കോട്ടൂർ അമ്പലത്തുംകല, എഴുകോൺ |
| ശ്രീമതി.പ്രിയ അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ മൈലം | മൂളവൂരഴികം അയത്തിൽ. പി.ഒ. ശാന്തിനഗർ, കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| | |
| 1976-77 | എൽ.എഫ്.ക്യൂ.പി3/ 1395/14 തീ:24.06.14 |
| 1977-78 | എൽ.എഫ്.ക്യൂ.പി3/ 1395/14 തീ: 24.06.14 |
| 1979-80 | എൽ.എഫ്.ക്യൂ.പി3/ 1395/14 തീ:4.06.14 |
| 1980-81 | എൽ.എഫ്.ക്യൂ.പി3/ 1395/14 തീ:24.06.14 |
| 1981-82 | എൽ.എഫ്.ക്യൂ.പി3/ 1395/14 തീ:24.06.14 |
| 1982-83 | എൽ.എഫ്.ക്യൂ.പി3/ 1395/14 തീ: 24.06.14 |
| 1983-84 | എൽ.എഫ്.ക്യൂ.പി3/ 1395/14 തീ:24.06.14 |
| 1984-85 | എൽ.എഫ്.ക്യൂ.പി3/ 1395/14 തീ:24.06.14 |
| 1985-86 | എൽ.എഫ്.ക്യൂ.പി |

| | |
|---|---|
| | 3/1395/14 തീ:<br>24.06.14 |
| 1986-87 | എൽ.എഫ്.ക്യൂ.പി<br>3/1395/14<br>തീ:24.06.14 |
| 1987-88 | എൽ.എഫ്.ക്യൂ.പി3/1395/14<br>തീ:24.06.14 |
| 1988-89 | എൽ.എഫ്.ക്യൂ.പി3/1395/14<br>തീ: 24.06.14 |
| 1989-1990 | എൽ.എഫ്.ക്യൂ.പി3/1395/14<br>തീ:24.06.14 |
| 1990-1991 | എൽ.എഫ്.ക്യൂ.പി3/1395/14<br>തീ:24.06.14 |
| 1991-92 | എൽ.എഫ്.ക്യൂ.പി3/1395/14<br>തീ:24.06.14 |
| 1992-93 | എൽ.എഫ്.ക്യൂ.പി3/1395/14<br>തീ:24.06.14 |
| 1993-94 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |

| | |
|---|---|
| 1994-95 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 1995-96 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 1996-97 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 1997-98 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 1998-99 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 1999-00 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 2000-01 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 2001-02 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 2002-03 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |

| | |
|---|---|
| 2003-04 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 2004-05 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 2005-06 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 2006-07 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 2007-08 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 2008-09 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 2009-10 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 2010-11 | എൽ.എഫ്.ക്യൂ.പി3/<br>1395/14 തീ: 24.06.14 |
| 2011-12<br>2012-13 | കെ.എസ്.ഐ-കെ.എൽ.എം-<br>പി3/1924/15 തീ: 06.02.16. |

| | |
|---|---|
| 2013-14<br>2014-15 | കെ.എസ്.ഐ-കെ.എൽ.എം-<br>പി3/832/16 തീ: 23.05.16. |
| 2015-16 | കെ.എസ്.ഐ-കെ.എൽ.എം-<br>പി3 1789/16-09-01-2017 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.എൽ.എം.പി.11/1726 /2017

ജില്ലാ ഓഡിറ്റ് കാര്യാലയം,

കേരള സംസ്ഥാന ഓഡിറ്റ്, കൊല്ലം

തീയതി 28/10/2017

1994 - ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൈലം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികധനകാര്യപത്രിക, വരവ്ചെലവ് കണക്കുകളെ ശരിയായ

രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ കാര്യാലയം, കൊല്ലം